# KALANILAYAM UPS
# PULIYANNOOR

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ -2025

# 'ജ്വലനം'

# ആമുഖം

പൊതുവിദ്യാഭാസ സംരക്ഷണയജ്ഞം ഓരോ വിദ്യാലയത്തിനും നവചൈതന്യം പ്രദാനം ചെയ്തിട്ടുണ്ട്. ഹൈടെക് വിദ്യാലയം അതിന്റെ എല്ലാം മണ്ഡലങ്ങളിലും വികസനത്തിന്റെ പാതയിലൂടെ മുന്നേറുവാൻ തത്രപ്പെടുകയാണ്. ഏതൊരു പ്രവർത്തനത്തിനും അതിന്റേതായ മുന്നൊരുക്കങ്ങൾ ആവശ്യമാണ്. ഏതുകാര്യവും നന്നായിട്ടു നടത്തണമെന്ന് ആഗ്രഹിക്കുന്നവർ വളരെ നാളുകൾക്കുമുന്പേ തയായറെടുപ്പുകൾ നടത്തും. അടുത്ത വർഷങ്ങളിൽ നാം എന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നുവോ അവയൊക്കെ ജലരേഖയാകാതെ, പ്രയോഗികമാക്കുവാൻ നമുക്കു ഒരുമിച്ചു പരിശ്രമിക്കേണ്ടതുണ്ട്.

ഈ വർഷം ഗവണ്മെന്റ് പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നത് വിദ്യാഭ്യാസനിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ കണ്ടെത്തണമെന്നും അത് പ്രവർത്തികമാക്കണമെന്നുമാണ്. മലയാളത്തിളക്കം, ശ്രദ്ധ, വേനൽപ്പച്ച, ഗണിതം മധുരം, ഹലോ ഇംഗ്ലീഷ് ഇവയെല്ലാം ഈ ലക്ഷ്യത്തിലേക്കു വിരൽ ചൂണ്ടുന്നവയാണ്. ഗുണനിലവാരമുള്ള അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് മാത്രമേ അന്താരാഷ്ട്ര നിലവാരത്തിലേക്ക് നമ്മുടെ കുട്ടികളെ ഉയർത്താൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയാണ് നാം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാകുന്നത്.

**എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ?**

നാം ഭാവിയിൽ എന്തായിത്തീരുമെന്നു വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണിത്. അതായതു വിദ്യാലയം അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തിലെത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികളുൾപ്പെടുന്നതാണ്. അത് നമ്മുടെ ഈ വിദ്യാലയത്തിന്റെ ദർശനം (കാഴ്ചപ്പാട്) അക്കാദമിക ലക്ഷ്യങ്ങൾ, മുൻഗണനകൾ, വിഭവ വിനിമയം, പ്രവർത്തനപരിപാടികൾ ഇവയെല്ലാം ചേരുന്നതാണ് നമ്മുടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. "ക്യാമ്പസ് ഒരു പാഠശാല" എന്ന ആശയം നാം

ഉൾക്കൊള്ളണം. കുട്ടികളുടെ കലാപരവും, ബുദ്ധിപരവും ആയിട്ടുള്ള അല്ല കഴിവുകളെയും നാം സമഗ്രമായി കാണേണ്ടിയിരിക്കുന്നു. കുട്ടിയുടെ ബുദ്ധിമാത്രം വികസിക്കുന്നത് അക്കാദമിക നേട്ടമായി കരുതാനാവില്ല. കുട്ടിയുടെ ഓരോ ചലനവും ഇതിന്റെ ഭാഗമായി കണക്കാക്കേണ്ടതുണ്ട്. പ്രകൃതിയിലൂടെ നേരിട്ട് കണ്ടും കേട്ടും പഠിക്കുവാനുള്ള അവസരം നൽകുന്ന രീതിയിലുള്ള ഒരു പ്ലാൻ നാം തയ്യാറാക്കണം. കായിക, മാനസിക, ആദ്ധ്യാത്മിക മികവുകളിലേക്കു നമ്മുടെ കുട്ടികളെ കൈപിടിച്ചുയർത്തണം. അതിനുള്ള ഊർജ്ജം ഈ മാസ്റ്റർ പ്ലാൻ ഒരോരുത്തർക്കും പ്രധാനം ചെയ്യട്ടെയെന്നു ആശംസിക്കുന്നു.

## വിദ്യാലയ ചരിത്ര സംക്ഷിപ്തം

പുലിയന്നൂർ നിവാസികളുടെ ചിരകാല സ്വപ്നമായ കലാനിലയം യു പി സ്കൂൾ സംസ്കാരസമ്പന്നരും ഉദാരമതികളുമായ നാട്ടുകാരുടെ പ്രോത്സാഹനത്തിന്റെയും സഹകരണത്തിന്റെയും ഫലമായി 1952 ജൂൺ 2-ാം തീയതി സ്ഥാപിതമായി. ശ്രീമതി പാർവ്വതിയമ്മ കോനാട്ട് സ്ഥാപക മാനേജരായും തുരുത്തിപ്പള്ളി ഇല്ലത്തു ശ്രീ ജയൻ നമ്പൂതിരി കറസ്പോണ്ടന്റ് മാനേജരായും ശ്രീമതി ലീലാവതിയമ്മ ശ്രീമതി ലക്ഷ്മികുട്ടിയമ്മ എന്നിവർ അധ്യാപകരായും സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ശ്രീമതി ലീലാവതിയമ്മ പ്രഥമ ഹെഡ്മിസ്ട്രെസ്സായി ചാർജെടുത്തു.

ഒരു ക്ലാസ്സിൽ 45 കുട്ടികളും രണ്ടു അധ്യാപകരുമായി ഓലമേഞ്ഞ ഒരു ഷെഡിൽ വേണ്ടത്ര സൗകര്യങ്ങളൊന്നുമില്ലാതെ തുടക്കമിട്ട സ്കൂൾ ബാലാരിഷ്ടതകളിൽ കൂടി ഇഴഞ്ഞു നീങ്ങി. 5 വർഷം പിന്നിട്ടപ്പോൾ സ്കൂളിന്റെ അഭിവൃദ്ധികരമായ നടത്തിപ്പ് വ്യക്തിപരമായി തുടരുക പ്രയാസമായി തോന്നുകയാൽ 1957 ഏപ്രിൽ 1-ാം തീയതി അഭിവന്ദ്യ വയലിൽ പിതാവിന്റെ നിർദേശപ്രകാരം പല ളാലം ക്ലാരിസ്റ്റ് കോൺവെന്റ് മദർ സുപ്പീരിയർ സി റീത്ത മുൻ മാനേജറിൽനിന്നും സ്കൂളിന്റെ മാനേജ്മെന്റ് ഏറ്റെടുത്തു. അതോടെ സ്കൂൾ കെട്ടിടം വേണ്ടത്ര സൗകര്യങ്ങളോടുകൂടി പണി പൂർത്തിയാക്കുകയും ആവശ്യമായ സജ്ജീകരണങ്ങൾ ഉണ്ടാക്കുകയും ചെയ്തു. 5,6,7 ക്ലാസുകൾ രണ്ടു ഡിവിഷനുകൾ വീതം 6 ക്ലാസ്സുകളിലായി പഠിച്ചിരുന്നു.

ഈ സ്കൂളിന്റെ സർവ്വതോൻമുഖമായ ഉയർച്ചക്കുവേണ്ടി ഇവിടുത്തെ ഹെഡ്മിസ്ട്രെസ്സ്മാരായിരുന്ന ശ്രീമതി ലീലാവതിയമ്മ, ജെയിനമ്മ, അലോഷ്യസമ്മ, സി. ക്രിസോസ്തോം. ആഞ്ചലൂസ്യമ്മ, എൽസിജോസമ്മ, സി. ബേസിൽ. സി. മേഴ്സി ആനിത്തോട്ടം, സി. ലിസി കട്ടക്കയം, സി. റൂബി എന്നിവർ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ഇപ്പോൾ സി. ആൻസി ജോസ് ഹെഡ്മിസ്ട്രസ് ആയി സേവനം അനുഷ്ഠിക്കുന്നു.

പഠനത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും ഈ സ്കൂൾ എന്നും മികച്ചു നില്കുന്നു. കലാനിലയം അക്ഷരാർത്ഥത്തിൽ തന്നെ കലകളുടെ നിലയമെന്നു തെളിയിച്ചു കഴിഞ്ഞു. ഈ സ്കൂൾ ഇപ്പോൾ വളരെ പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികളെകൊണ്ട് സമ്പന്നമാണ്. ഈ സ്കൂളിന് ചുറ്റുമുള്ള എല്ലാവരും ഇവിടെ പഠിച്ചു ഉയരങ്ങളിൽ എത്തിയവരാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ ഈ സ്കൂളിന്റെ അഭിമാനഭാജനങ്ങളാണ്.

ഒരു ഗുരുകുലത്തിലെ ഓർമ്മയുണർത്തുന്ന വിദ്യാക്ഷേത്രം അധ്യാപകരും, വിദ്യാർത്ഥികളും ജാതിമതഭേദമെന്യേ ഒന്നിക്കുന്ന, സ്നേഹത്തിന്റെ കഥ പറയുന്ന കുടുംബാന്തരീക്ഷം എല്ലാവരുടെയും മനസ്സുകളിൽ ഉണർത്തുന്നു.

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| Aim | Activities | Month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January -<br><br>February | English Teachers | English Club |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities:**<br><br>**Differentiation and Support:** | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts.**<br><br>**To create their own poems, stories, dictionary etc and present it to the class.**<br><br>**Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Assessment and Feedback**: | **Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.**<br><br>**Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.**<br><br>**Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.**<br><br>**Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.**<br><br>**Involve students in self-assessment and reflection activities to promote ownership of their learning process.**<br><br>**Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.**<br><br>**Provide resources and tips for parents on how to support their child's literacy** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Parent Involvement** | **development at home, including book recommendations, reading strategies, and language enrichment activities.**<br><br>**Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.**<br><br>**Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.**<br><br>**Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice.** | | **English Teacher**<br><br>**English Teachers & PTA Members & parents** | **English Club** |

# അക്കാദമിക് മാസ്റ്റർപ്ളാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ളാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** **പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം.** **(സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവ സരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷ ണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂല കങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

1. പ്രധാനാദ്ധ്യാപികക്ക് ഒരു ക്ലാസ്സിന്റെ ചാർജ് വഹിക്കുന്നതോടൊപ്പം മറ്റു പല കാര്യങ്ങളും സ്വയം ചെയ്യേണ്ടിവരുന്നതിനാൽ വളരെയേറെ സമയപരിമിതിയുള്ളതുകൊണ്ടു ക്ലാസ് ചാർജ് മാറ്റി തരാത്തത് പ്രതിസന്ധിയാണ്
2. അനുവദിച്ചിട്ടുള്ള അല്ല തസ്തികകളിലും സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കാത്തതു ഒരു പരിമിതിയാണ്
3. ഡാൻസ്, സംഗീതം, കായികപരിശീലനം, വർക്ക് എക്സ്പീരിയൻസ് തുടങ്ങിയവക്ക് അധ്യാപകരില്ലാത്തതിനാൽ വേണ്ട പരിശീലനം നല്കാൻ സാധിക്കാത്തതു പരിമിതിയാണ്.
4. അധ്യാപകർക്ക് ശരിയായ രീതിയിലുള്ള സ്റ്റാഫ് റൂം ഇല്ല. HM നു ഒരു മുറി ഇല്ല ഓഫീസ് തന്നെ മുറിയായും ഉപയോഗിക്കുന്നു.
5. പ്രൊജക്ടർ ഇല്ലാത്തതു ഒരു പരിമിതിയാണ്
6. നൂൺ ഫീഡിങ്ങിനു പ്രത്യേകമായ സ്റ്റോർ റൂം ആവശ്യമാണ്
7. സ്കൂളിനോട് ചേർന്ന് ഒരു ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ആവശ്യമാണ്
8. നിലവിലുള്ള കളിസ്ഥലം കൂടുതൽ സൗകര്യപ്രദമാക്കേണ്ടതുണ്ട്
9. ഇരുന്നു വായിക്കുവാനുള്ള റീഡിങ് റൂം ഇല്ല
10. ഇവിടെയുള്ള കുട്ടികൾ എല്ലാം വളരെ പാവപ്പെട്ടവരായതുകൊണ്ടു വണ്ടിക്കൂലി കൊടുത്തു സ്കൂളിൽ എത്തിക്കേണ്ടവരാണ് എല്ലാവരും സാമ്പത്തിക ബുദ്ധിമുട്ടു പ്രധാന പരിമിതിയാണ്
11. കുട്ടികൾക്ക് ഇരുന്നു ഭക്ഷിക്കുവാനുള്ള ഹാൾ ആവശ്യമാണ്
12. HM നു ക്ലാസ് ചാർജ് ഉള്ളതുകൊണ്ട് കോൺഫെറെൻസിനു പോകുമ്പോൾ കുട്ടികൾ വെറുതെ ഇരിക്കുന്നത് പരിമിധിയാണ്

# വിഷൻ സ്റ്റേറ്റ്മെന്റ്

പാഠ്യ-പഠ്യേതര വിഷയങ്ങളിൽ മുന്നിട്ടു നിൽക്കുന്നതും മെച്ചപ്പെട്ട ഭൗതിക സാഹചര്യവും ഐ സി ടി സംവിധാനങ്ങളും ഉറപ്പു നൽകുന്ന അവകാശാധിഷ്ഠിത വിദ്യാലയം

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നു ഉറപ്പുവരുത്തും
2. UP ഘട്ടം കഴിയുമ്പോൾ (7-൧൦ ക്ലാസ് ) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അതിനനുസരിച്ചു അധ്യാപകർ ബോധനം നടത്തും
3. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ചു ഉയർന്ന തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കും.
4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും ഏഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തും.
5. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെ ആ വിഷയം കൂടുതൽ പഠിക്കുവാനുള്ള സാധ്യതകൾ ഒരുക്കും
6. സ്കൂൾ മാഗസിൻ, ക്ലാസ് മാഗസിൻ , സ്ടുടെന്റ്റ് മാഗസിൻ എന്നിവ സമയബന്ധിതമായി നിർമ്മിക്കും.
7. ചിത്രരചനാ മത്സരങ്ങൾ, ഡാൻസ് മത്സരങ്ങൾ, സ്കിറ്റ് മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ ഇവ ഓരോ ക്ലാസ്സുകാർക്കും ആൺകുട്ടി കൾക്കും, പെൺകുട്ടികൾക്കും വേറെവേറെയും CWSN കുട്ടികൾക്ക് പ്രത്യേകമായും നടത്തി സമ്മാനങ്ങൾ നൽകും
8. ദിനാചരണങ്ങൾ വിപുലമായ രീതിയിൽ ആഘോഷിക്കും
9. സംഗീതം പ്രസംഗം ഇവക്കു താല്പര്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകും

10. വിദ്യാലയത്തിലെ എല്ലാവിധ അനുഭവങ്ങളും ആൺ-പെൺ വ്യത്യാസമില്ലാത്തതും അവസരതുല്യത ഉറപ്പാക്കുന്നതുമായിരിക്കും
11. പെൺ സൗഹൃദ സമീപനം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിപ്പിക്കും
12. തീരുമാനമെടുക്കുന്നതിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിലും എല്ലാ പെൺകുട്ടികൾക്കും അവസരങ്ങൾ ഉറപ്പാക്കും
13. ജൻഡർ രേഖയുടെ അടിസ്ഥാനത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ വിലയിരുത്തി പെൺ സൗഹൃദ വിദ്യാലയം സങ്കല്പം യാഥാർഥ്യമാക്കും.
14. ഗേൾസ് ക്ലബ് രൂപീകരിക്കും
15. പ്രാദേശിക ചരിത്ര പഠനം
16. സ്കൂൾ മാഗസിൻ പ്രിന്റ് ചെയ്യുക
17. സ്കൂൾ റേഡിയോ ക്ലബ് രൂപീകരിക്കുക
18. മുത്തശ്ശികളെ ലോകകറട്ടറിവ് ദിനത്തിൽ വീടുകളിൽ ചെന്ന് സന്ദർശിക്കുക
19. ഒരു സാഹിത്യകാരൻ കുട്ടികളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നു
20. ഔഷധസസ്യത്തോട്ടം നിർമ്മിക്കുന്നു
21. വെജിറ്റൽ ഗാർഡൻ മനോഹരമാക്കുന്നു
22. പൂന്തോട്ടം മനോഹരമാക്കുന്നു
23. ജൈവ വൈവിധ്യപാർക്കിനു ആരഭമിടുന്നു
24. കാലിസ് റൂമുകൾ ടൈൽ എട്ടു സ്മാർട്ട് ആക്കുന്നു
25. ലാപ്ടോപ്പ്, കമ്പ്യൂട്ടർ ഇവ ടീച്ചിങ്ങിന് ഉപയോഗിക്കുന്നു
26. മികച്ച ശാരീരിക മാനസിക ബുദ്ധിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക

# വിലയിരുത്തലും മോണിറ്ററിങ്ങും

**4 തരത്തിലുള്ള മോണിറ്ററിങ് സമിതി**

1. സ്കൂൾ തലം
2. തദ്ദേശസ്ഥാപന തലം
3. ജില്ലാതലം
4. സംസ്ഥാനതലം

**സ്കൂൾ തലം**

**ചുമതലകൾ**

- ✓ സ്ഥാപനത്തിലെ പദ്ധതി പ്രവർത്തനത്തിനും സമയബന്ധയായി പൂർത്തിയാകുന്നതിനു നിശ്ചിത സമയം നൽകി കാര്യങ്ങൾ ഉറപ്പാക്കുന്നു
- ✓ അക്കാദമിക പ്രവർത്തനങ്ങൾക്ക് മാർഗ നിർദേശം നൽകുന്നു
- ✓ സംഘടനാ നിർവഹണ ഘട്ടങ്ങളിൽ നിരന്തരം ഇടപെട്ടു ശാക്തീകരിക്കുക
- ✓ അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുക

**സ്കൂൾതല മോണിറ്ററിങ് സമിതി**

- ✓ ഹെഡ്മിസ്ട്രസ്
- ✓ സീനിയർ അസിസ്റ്റന്റ്
- ✓ പി ടി എ പ്രസിഡണ്ട്
- ✓ എം പി ടി എ പ്രസിഡണ്ട്
- ✓ സ്കൂൾ വികസന സമിതി അംഗം
- ✓ ഓൾഡ് സ്റ്റുഡൻറ് പ്രതിനിധി-

# ഉപസംഹാരം

സ്കൂളിന്റെ സർവ്വദോൻമുഖമായ വളർച്ചക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിയായി പ്രാവർത്തികമാക്കുവാനും, പൂർത്തിയാക്കാനും എല്ലാവർക്കും കഴിയണം. ഇതിനായി പ്രവർത്തിക്കുന്ന പി ടി എ അംഗങ്ങൾ, സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ മറ്റു സാമൂഹ്യ സേവന സന്നദ്ധരായ വ്യക്തികൾ, ഏവർക്കും നന്ദി അർപ്പിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ ഏവരുടേയും മുമ്പിൽ സാദരം സമർപ്പിക്കുന്നു.